സുപ്രഭാതം



ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ വനിതാ വിഭാഗത്തിൽ ജേതാക്കളായ ആനപ്പാറ സ്കൂൾ ടീം

# ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പ്: ആനപ്പാറയും പിണങ്ങോടും ജേതാക്കൾ

പനമരം • ജില്ലാ ത്രോബോൾ അസോസിയേഷൻ പനമരം ഗവ. സ്കൂളിൽ വച്ച് സംഘടിപ്പിച്ച നാലാമത് ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ വനിതാ വിഭാഗത്തിൽ ആനപ്പാറ സ്കൂളും പുരുഷ വിഭാഗത്തിൽ ഡബ്ല്യു.ഒ.എച്ച്.എസ് പിണങ്ങോടും ജേതാക്കൾ. ഇരുവിഭാഗങ്ങളിലും യഥാക്രമം ഡബ്ല്യു.ഒ.എച്ച്.എസ് പിണങ്ങോട്, സുമി സ്പോർട്സ് രണ്ടാം സ്ഥാനവും നേടി. പുരുഷ വിഭാഗത്തിൽ ഡബ്ല്യു.ഒ.എച്ച്.എസ് പിണങ്ങോടിന്റേത് ഹാട്രിക് കിരീട നേട്ടമാണ്. തുടർച്ചായി രണ്ടാം തവണയാണ് വനിതാ വിഭാഗത്തിൽ കിരീടം നേടുന്നത്.

വനിതാ വിഭാഗത്തിലെ മികച്ച താരമായി ആനപ്പാറയിലെ ശിഖയെയും മികച്ച പുരുഷ താരമായി ഡബ്ല്യു.ഒ.എച്ച്.എസ്.എസിലെ ഷെമിൽ നിയാദിനെയും തിരഞ്ഞെടുത്തു. സ്പോർട്സ് കൗൺസിൽ മെംബർ അയ്യൂബ് ഉദ്ഘാടനം ചെയ്തു. ത്രോബോൾ അസോസിയേഷൻ പ്രസിഡന്റ് ജംഷീർ തെക്കേടത്ത് അധ്യക്ഷനായി. എൻ.സി സാജിദ്, ടി. നവാസ്, ഷംനാദ്, പി. ഷിജിൻ സംസാരിച്ചു. ഈ മാസം 22 ന് ഇടുക്കിയിൽ വച്ച് നടക്കുന്ന സംസ്ഥാന ചാംപ്യൻഷിപ്പിനുള്ള വയനാട് ജില്ലയുടെ പുരുഷ , വനിതാ ടീമുകളേയും ചാംപ്യൻഷിപ്പിൽ നിന്നും തെരഞ്ഞെടുത്തു.

Scanned with OKEN Scanner

# ത്രോബോൾ ചാംപ്യൻഷിപ്പ് 14ന്

പനമരം • നാലാമത് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പ് ഈമാസം 14ന് പനമരം ഗവ. ഹയർസെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നടക്കും. പങ്കെടു ക്കാൻ താല്പര്യമുള്ള ടീമുകൾ 790.722.5849 എന്ന നമ്പറിൽ ബന്ധപ്പെടണം.